കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- വരണാധികാരികൾക്ക് നൽകുന്ന സീക്രട്ട് സീൽ ലഭ്യമാക്കുന്നത്-മാർഗ്ഗ നിർദ്ദേശങ്ങൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത്–സംബന്ധിച്ച്.

പരമാർശം:- 1. 06/05/2022 & 22/01/2024 തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.
2. 07/02/2023 തീയതിയിലെ B3/8/2023-SEC നമ്പർ സർക്കുലർ.

ഉത്തരവ് നം.B5/9/2021-SEC തീയതി: **08-04-2025**

## <u>സർക്കുലർ</u>

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓരോ തിരഞ്ഞെടുപ്പിനും മുന്നോടിയായി റിട്ടേണിംഗ് ഓഫീസർക്ക് സീക്രട്ട് സീൽ നൽകുന്നുണ്ട്. പ്രസ്തുത സീൽ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തിരഞ്ഞെടുപ്പ് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരണാധികാരികൾ സീക്രട്ട് സീൽ തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസിൽ നിന്ന് മുൻകൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

2. ഇതിനായി വരണാധികാരികൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അനുബന്ധമായി നൽകിയിരിക്കുന്ന ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്.

3. വരണാധികാരിയോ വരണാധികാരി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സീക്രട്ട് സീൽ കമ്മീഷനിൽ നിന്ന് നേരിട്ടോ അല്ലെങ്കിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനിൽ നിന്ന് നേരിട്ടോ കൈപ്പറ്റേണ്ടതാണ്.

4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഓരോ വരണാധികാരിക്കുമുള്ള സീക്രട്ട് സീൽ മുദ്രവച്ച കവറിൽ നൽകുന്നതാണ്. പ്രസ്തുത കവർ അതാത് വരണാധികാരികൾ മാത്രമേ തുറക്കാൻ പാടുള്ളൂ.

5. സീക്രട്ട് സീൽ ഉപയോഗിച്ച് സീൽ ചെയ്യേണ്ടതായ പായ്ക്കറ്റുകൾ സീൽ ചെയ്തതിനുശേഷം സീക്രട്ട് സീൽ സൂക്ഷിക്കുന്ന കവറിൽ തിരികെ വയ്ക്കേണ്ടതും ഇലക്ഷനുമായി ബന്ധപ്പെട്ട മറ്റുള്ള സ്റ്റേഷനറി സാധനങ്ങളിൽ നിന്ന് വേർതിരിച്ച് സൂക്ഷിക്കേണ്ടതുമാണ്. സീക്രട്ട് സീൽ സൂക്ഷിക്കുന്ന കവറിൽ സ്ഥാനാർത്ഥികൾക്കും, അവരുടെ തിരഞ്ഞെടുപ്പ് ഏജന്റുമാർ അല്ലെങ്കിൽ കൗണ്ടിംഗ് ഏജന്റുമാർക്കും അവരുടെ സീലുകൾ ആഗ്രഹിക്കുന്ന പക്ഷം പതിപ്പിക്കാവുന്നതാണ്.

6. സ്ഥാനാർത്ഥികളെ അല്ലെങ്കിൽ അവരുടെ തിരഞ്ഞെടുപ്പ് ഏജന്റുമാരെ അല്ലെങ്കിൽ കൗണ്ടിംഗ് എജന്റുമാരെ തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിന് വേണ്ടി ഉപയോഗിച്ച കമ്മീഷന്റെ സീക്രട്ട് സീലിന്റെ നമ്പർ കുറിച്ചെടുക്കാൻ അനുവദിക്കാവുന്നതാണ്.

7. വോട്ടെണ്ണൽ പൂർത്തിയായി 24 മണിക്കൂറുകൾക്കുള്ളിൽ വരണാധികാരിയോ വരണാധികാരി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ സീക്രട്ട് സീൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരം കമ്മീഷനിൽ നേരിട്ടോ അല്ലെങ്കിൽ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് നേരിട്ടോ തിരികെ ഏൽപ്പിക്കേണ്ടതാണ്.

8.ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം ആയതിനെ കമ്മീഷൻ ഗൗരവമായി കാണുന്നതാണ്.

Signed by
Prakash B S
Date: 08-04-2025 15:36:11

PRAKASH.B.S
SECRETARY

‘ജനഹിതം’, റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in